**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3099** **18-06-2019 ൽ മറുപടിക്ക്**

**വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| വിവിധ സർക്കാർ വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ? | സേവന വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത് 1968 ലെ സർക്കാർ ഭൂമിയും കെട്ടിടങ്ങളും കൈമാറ്റ ചട്ടങ്ങൾ പ്രകാരമാണ്. വർദ്ധിച്ച വരുന്ന വികസനാവശ്യങ്ങൾ, ഭൂമി കൈമാറ്റ ത്തിനുള്ള കാലതാമസം എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്തിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് 05.06.2018 ലെ ജി.ഒ (പി) നം. 31/18/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുള്ളതാണ്. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുന്നതിന് 01.11.2018 ലെ എൽ.ആർ കെ.2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**